I ഇ.ബി. XIV - കേരള നിയമസഭ/II-14

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ഒക്ടോബർ 24, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

ഫോൺ ചോർത്തൽ

മി. സ്പീക്കർ: വിജിലൻസ് ഡി.ജി.പി.- യുടെ ഫോൺ ചോർത്തുകയും ഇ-മെയിൽ ഹാക്ക് ചെയ്യുകയും ചെയ്തതായ ആക്ഷേപം വിജിലൻസ് മേധാവി

തന്നെ പോലീസിനെതിരെ ഉന്നയിച്ചിരിക്കുന്നതായി എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഉന്നതരായ പോലീസ് ഉദ്യോഗസ്ഥരെ ഗവൺമെന്റിന് വിശ്വാസമില്ലെന്നതിന്റെ സൂചനയാണിത്. ഉന്നത ഉദ്യോഗസ്ഥരുടെയിടയിലെ ശീതസമരവും കുടിപ്പകയും ഗവൺമെന്റിന്റേയും പോലീസിന്റേയും വിശ്വസ്തതയ്ക്ക് മങ്ങലേൽപ്പിച്ചിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.എം. ഷാജി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): അടിയന്തരപ്രമേയ നോട്ടീസിൽ പരാമർശിച്ച തരത്തിലുള്ള ഒരാരോപണവും വിജിലൻസ് ഡയറക്ടർ ഉന്നയിച്ചിട്ടില്ല. വിജിലൻസ് ഡി.ജി.പി.-യുടെ ഫോൺ, ഇ-മെയിൽ വാർത്തകളുൾപ്പെടെ ചോർത്തുന്നതായി വന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെടുത്തുകയും അത് മുൻനിർത്തിയുള്ള ആശങ്ക ഗവൺമെന്റിനെ അറിയിക്കുകയുമാണ് ചെയ്തിട്ടുള്ളത്. രാഷ്ട്രീയ നേതാക്കളുടെയോ ഉദ്യോഗസ്ഥരുടേയോ ഫോൺ, ഇ-മെയിൽ എന്നിവ ചോർത്തുന്നത്

സർക്കാരിന്റെ നയമല്ല. ഇന്ത്യൻ ടെലിഗ്രാഫ് ആക്ട് പ്രകാരം രാഷ്ട്രത്തിന്റെ സുരക്ഷാ ആവശ്യത്തിനും അത്യാവശ്യഘട്ടങ്ങളിൽ കുറ്റകൃത്യങ്ങൾ തടയുന്നതിനും സർക്കാരിന്റെ അനുവാദത്തോടുകൂടി മാത്രം ടെലിഫോൺ വഴിയുള്ള സംഭാഷണങ്ങളും സന്ദേശങ്ങളും നിരീക്ഷിക്കാവുന്നതാണ്. സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ സെക്രട്ടറിമാർക്കാണ് ഇതിന് അംഗീകാരം നൽകാനുള്ള അധികാരമുള്ളത്. സംസ്ഥാനങ്ങളിൽ ഐ.ജി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥർക്ക് ഇത് നിരീക്ഷിക്കാവുന്നതും മൂന്നു ദിവസത്തിനകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതും ഏഴ് ദിവസത്തിനകം ഹോം സെക്രട്ടറിയിൽനിന്നും ഉത്തരവ് വാങ്ങേണ്ടതുമാണ്. നിയമപരമായല്ലാതെ നടത്തുന്ന ടെലിഫോൺ നിരീക്ഷണങ്ങൾ കുറ്റകൃത്യമായാണ് കണക്കാക്കുന്നത്. 2008-ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ട് പ്രകാരം സർക്കാരിനോ അധികാരപ്പെടുത്തിയ സർക്കാർ ഉദ്യോഗസ്ഥർക്കോ രാഷ്ട്രത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും സുരക്ഷിതത്വത്തിനുംവേണ്ടി കമ്പ്യൂട്ടർവഴി ലഭ്യമാകുന്ന ഏത് വിവരവും നിരീക്ഷിക്കാനുള്ള അധികാരമുണ്ട്. സർക്കാരിന്റെ നിലപാടിനും നിയമവ്യവസ്ഥയ്ക്കും വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ ശക്തമായ

നടപടി സ്വീകരിക്കുന്നതാണ്. വിജിലൻസ് ഡി.ജി.പി.-യുടെ കത്ത് മുൻനിർത്തി ഇക്കാര്യത്തിൽ അന്വേഷണം നടത്തുന്നതിന് ഡി.ജി.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഴിമതിക്കെതിരെ കർശനമായി നീങ്ങുന്നതിനുള്ള വിജിലൻസിന്റെ സ്വാതന്ത്ര്യത്തെ ബാധിക്കുന്ന ഒരു നടപടിയും അനുവദിക്കുകയില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ടെലിഫോൺ ചോർത്തുന്നതുമായി ബന്ധപ്പെട്ടുവന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുമെന്ന് മുഖ്യമന്ത്രി പറയുകയുണ്ടായി. എന്നാൽ ടെലിഫോണും ഇ-മെയിലും ചോർത്തുന്നതായി വിജിലൻസ് ഡയറക്ടർ നൽകിയ പരാതിയിന്മേൽ ഉന്നതതല അന്വേഷണം നടത്തുമെന്നാണ് ഡി.ജി.പി. വ്യക്തമാക്കിയിരിക്കുന്നത്. വിജിലൻസ് ഡയറക്ടറുടെ ടെലിഫോൺ ചോർത്തുന്നതിന് നിയമപരമായി അനുവാദം നൽകിയിട്ടില്ലെങ്കിൽ ഇതിന്റെ പിന്നിൽ ഗൂഢാലോചന നടത്തിയതാരാണെന്നുള്ളത് അന്വേഷിക്കണം. ടെലിഫോൺ ചോർത്തലിനെതിരെ ഇന്ത്യൻ ടെലികോം ആക്ടനുസരിച്ചുള്ള നടപടികളാണുണ്ടാകേണ്ടത്. വിജിലൻസ് ഡയറക്ടർ ഉപയോഗിക്കുന്ന ബി.എസ്.എൻ.എൽ- കമ്പനിയുടെ ഫോൺ ചോർത്തുന്നുണ്ടോയെന്ന്

സർവ്വീസ് പ്രൊവൈഡറായ ബി.എസ്.എൻ.എൽ-ന്റെ സെർവർ പരിശോധിച്ചാൽ മാത്രമേ വ്യക്തമാകുകയുള്ളൂ. ടെലിഫോൺ സുരക്ഷിതമല്ലെന്നും തനിക്കെതിരെ ഗൂഢാലോചന നടത്തുന്നുവെന്നും സുരക്ഷിതമായി ജോലി ചെയ്യാൻ കഴിയില്ലെന്നുമുള്ള വിജിലൻസ് ഡയറക്ടറുടെ പരാതിയിന്മേൽ അന്വേഷണം നടത്തി സത്യാവസ്ഥ പുറത്തുകൊണ്ടുവരണമെന്ന് ഇന്ത്യാ ഗവൺമെന്റിനോട് ആവശ്യപ്പെടണം. ഉന്നതോദ്യോഗസ്ഥർക്കിടയിലെ കുടിപ്പകയും മത്സരവും പോലീസ് സേനയുടെ വിശ്വാസ്യതയ്ക്ക് മങ്ങലേൽപ്പിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ മുഴുവനും ബാധിക്കുന്ന ഗൗരവതരമായ ഈ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഫോൺ ചോർത്തൽ വിഷയം സംബന്ധിച്ച് വിജിലൻസ് ഡയറക്ടർ നൽകിയ പരാതി അന്വേഷിക്കുന്നതാണ്. പ്രതിപക്ഷം ആശങ്കപ്പെടുന്നതുപോലെ ഇക്കാര്യത്തിൽ ഗുരുതരമായ സാഹചര്യം നിലവിലില്ല. വിജിലൻസ് ഡയറക്ടർ ഡി.ജി.പി.-ക്ക് നൽകിയ പരാതി സംബന്ധിച്ച വാർത്തകൾ മാധ്യമങ്ങളിൽ വന്നത് എങ്ങനെയെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. വിജിലൻസ് ഡയറക്ടർക്കെതിരെ

ഗൂഢാലോചന നടന്നുവെന്ന വാദം ശരിയല്ല. വിജിലൻസ് ഡയറക്ടറുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് എല്ലാവിധ പിന്തുണയും നൽകുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നതിനുള്ള പൂർണ്ണ സ്വാതന്ത്ര്യം അദ്ദേഹത്തിന് നൽകിയിട്ടുണ്ട്. പോലീസ് സേനയിൽ കൂട്ടായ്മയും കാര്യക്ഷമതയും വളർത്താൻ സർക്കാർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. പ്രതിപക്ഷ നേതാവിനെതിരായ ഭീഷണി ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, ഡോ. എം. കെ. മുനീർ, അനൂപ് ജേക്കബ്, സി. എഫ്. തോമസ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**II ശ്രദ്ധക്ഷണിക്കൽ**

(1) <u>വിദ്യാഭ്യാസ വായ്പ</u>

<u>ശ്രീ. ജെയിംസ് മാത്യു</u>: സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസത്തിന് യോഗ്യരാകുന്ന കുട്ടികൾക്ക് തുടർവിദ്യാഭ്യാസത്തിനുള്ള അവസരം ഇന്ന് നിഷേധിക്കപ്പെടുകയാണ്. വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് 2001-ലെ കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം റിസർവ് ബാങ്കും ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷനും ഒരു വ്യവസ്ഥയുണ്ടാക്കുകയും ഉപാധികളൊന്നുമില്ലാതെ നാല് ലക്ഷംരൂപ വരെയുള്ള വായ്പകൾക്ക് പലിശ ഇളവും അതിനു മുകളിലുള്ള വായ്പകൾക്ക് കൊളാറ്ററൽ സെക്യൂരിറ്റിയോടുകൂടി അഞ്ച് ശതമാനം പലിശയ്ക്കും വായ്പ നൽകുന്നതിന് സന്നദ്ധമാകുകയുണ്ടായി. ഈ സൗകര്യം ഉപയോഗപ്പെടുത്തി പതിനായിരക്കണക്കിന് കുട്ടികൾ പഠിക്കുകയും ജോലി സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്ന പരാതികൾ പരിശോധിക്കുന്നതിന് ജില്ലാതലത്തിലും നിയോജകമണ്ഡലാടിസ്ഥാനത്തിലും സംവിധാനമുണ്ടാക്കണം. അർഹരായ വിദ്യാർത്ഥികൾക്ക് ഇന്ത്യയ്ക്കകത്തും വിദേശത്തും തുടർപഠനം നടത്തുന്നതിനാവശ്യമായ വായ്പ ലഭ്യമാക്കാനും പഠനശേഷം തിരിച്ചടയ്ക്കാൻ കഴിയാത്ത വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ ജയിലിലിടയ്ക്കുന്ന സമീപനത്തിൽ മാറ്റം വരുത്താനുമുള്ള ഫലപ്രദമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നയങ്ങളും ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷന്റെ മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ടാണ് കേരളത്തിൽ വിദ്യാഭ്യാസ വായ്പ നൽകുന്നത്. നാല് ലക്ഷം രൂപ വരെ പ്രത്യേക ഈടില്ലാതെ വിദ്യാഭ്യാസ വായ്പ നൽകുന്നതിന് ബാങ്കുകൾ ബാദ്ധ്യസ്ഥരാണെന്നിരിക്കെ വായ്പ നിഷേധിക്കുന്ന വിഷയം എസ്.എൽ.ബി.സി.-യിൽ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇത്തരം പരാതികളിന്മേൽ ആവശ്യമായ അന്വേഷണം നടത്തി അർഹരാണെന്ന് കണ്ടെത്തുന്നപക്ഷം വായ്പ അനുവദിക്കുന്നതിനുള്ള നടപടി കൈക്കൊള്ളാമെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരം പരാതികൾ സമർപ്പിക്കുന്നതിന് ജില്ലാടിസ്ഥാനത്തിലോ നിയോജക മണ്ഡലാടിസ്ഥാനത്തിലോ സംവിധാനം വേണമെന്ന ആവശ്യം എസ്.എൽ.ബി.സി.-യിൽ ചർച്ചചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. വായ്പയെടുത്ത് 5 വർഷം തികയാത്തവർക്കും ജോലി ലഭിക്കാത്തവർക്കും മൊറട്ടോറിയം നൽകുക, പ്രിൻസിപ്പൽ തുകയ്ക്ക് തുല്യമായ പലിശ അടച്ചിട്ടുണ്ടെങ്കിൽ സർക്കാർകൂടി സഹായിച്ച് ഒറ്റത്തവണ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക മുതലായ

നിർദ്ദേശങ്ങളടങ്ങിയ സ്കീം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

(2) <u>വിധവകളുടെയും അവിവാഹിതരായ അമ്മമാരുടെയും പ്രശ്നങ്ങൾ</u>

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് ഒറ്റപ്പെട്ട് കഴിയുന്ന വിധവകൾ, വിവാഹബന്ധം വേർപെടുത്തിയവർ, അവിവാഹിതരായ അമ്മമാർ എന്നിവരുടെ വിവിധ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണാനുതകുന്ന തരത്തിലുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഇവരുടെ പുനരധിവാസം, സാമൂഹിക സാമ്പത്തിക സുരക്ഷ എന്നിവ ഉറപ്പുവരുത്താനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം. നിലവിലുള്ള പദ്ധതി നിർവ്വഹണവും ആവശ്യകതയും തമ്മിലുള്ള വിടവ് ശാസ്ത്രീയമായി പരിശോധിച്ച് സമഗ്ര നയത്തിന് രൂപം നൽകണം. താൽക്കാലിക സമാശ്വാസമെന്ന നിലയിൽ സാമ്പത്തികവും അടിയന്തരവുമായ പുനരധിവാസ പദ്ധതികൾ ആരംഭിക്കണം. ജില്ലാതലത്തിൽ സംയോജിത പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കാനും വിധവകൾക്കുവേണ്ടി പഞ്ചായത്തുകളിൽ പ്രത്യേകം ഗ്രാമസഭകൾ വിളിച്ചുചേർക്കാനും നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്താനും പലിശരഹിത വായ്പ നൽകി സ്വയംതൊഴിൽ കണ്ടെത്താൻ സഹായിക്കാനും നടപടിയുണ്ടാകണം.

അപകർഷതാബോധം മാറ്റി ഇത്തരക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള ഫലപ്രദമായ നടപടികളുണ്ടാകണം. സർക്കാർ സർവ്വീസിൽ പത്ത് വർഷത്തിലധികമായി ജോലി ചെയ്യുന്ന വിധവകളെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിധവകൾ, ഭർത്താവ് ഉപേക്ഷിച്ചവർ, വിവാഹമോചിതരായ വനിതകൾ, അവിവാഹിതരായ അമ്മമാർ, മാരകരോഗത്താലും പക്ഷാഘാതംമൂലവും നട്ടെല്ലിന് ക്ഷതമേറ്റ് കുടുംബം പുലർത്താൻ കഴിയാത്തവിധം കിടപ്പിലായവരുടെ ഭാര്യമാർ, എച്ച്.ഐ.വി./എയ്ഡ്സ് ബാധിതർ തുടങ്ങിയവരുടെ മക്കൾക്ക് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വിദ്യാഭ്യാസ ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ചൂഷണത്തിന് വിധേയരായി അമ്മമാരാകുന്ന അവിവാഹിതരായ സ്ത്രീകൾക്ക് സാമൂഹ്യ സുരക്ഷാ മിഷൻവഴി പ്രതിമാസം 1000/- രൂപ ധനസഹായം നൽകുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾവഴി വിധവകൾക്കും വിവാഹമോചിതരായ വനിതകൾക്കും 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കും 1000/- രൂപ വീതം പെൻഷൻ നൽകുന്നുണ്ട്. ഈ വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും പരിഹാരം

കാണുന്നതിന് കൂടുതൽ ഇടപെടൽ ഉണ്ടാകുന്നതാണ്. അപകർഷതാബോധം മാറ്റി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള സ്ത്രീശാക്തീകരണ പദ്ധതി സർക്കാർ നടപ്പാക്കിവരികയാണ്.

## III സബ്മിഷൻ

### (1) വനിതാ മാധ്യമ പ്രവർത്തകർക്കെതിരെയുള്ള കേസ്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): തിരുവനന്തപുരം വിജിലൻസ് കോടതിയിൽ വനിതകളടക്കമുള്ള വാർത്താലേഖകരെ അഭിഭാഷകർ ഭീഷണിപ്പെടുത്തുകയും കയ്യേറ്റം ചെയ്യുകയും ചെയ്ത സംഭവത്തിൽ ഇരകളായ വനിതാ മാധ്യമ പ്രവർത്തകർക്കെതിരെയുള്ള പോലീസ് കേസ് പിൻവലിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മാധ്യമ പ്രവർത്തകർക്ക് കോടതി നടപടികൾ റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത സാഹചര്യവുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനായി ചീഫ് ജസ്റ്റിസ് ഇടപെട്ടിട്ടുണ്ട്. അഭിഭാഷകർക്കെന്നപോലെ മാധ്യമ പ്രവർത്തകർക്കും ജോലിചെയ്യാനുള്ള അവകാശമുണ്ട്. മാധ്യമ പ്രവർത്തകരുടെ ജോലിക്ക് തടസ്സമുണ്ടാക്കിയാൽ കർക്കശമായ തീരുമാനങ്ങളിലേയ്ക്ക് നീങ്ങേണ്ടിവരും. 14.10.2016-ന്

തിരുവനന്തപുരം വിജിലൻസ് കോടതിയിൽ റിപ്പോർട്ട് ചെയ്യാനെത്തിയ മാധ്യമ പ്രവർത്തകരെ പുറത്താക്കിയ സംഭവവുമായി ബന്ധപ്പെട്ട് മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മാധ്യമ പ്രവർത്തകരെ പ്രതികളാക്കി വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. വനിതാ മാധ്യമ പ്രവർത്തകർ അഭിഭാഷകരെ മോശമായി ചിത്രീകരിച്ച് പോസ്റ്റർ പതിപ്പിച്ചെന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയ പരാതി ഡി.ജി.പി.-ക്ക് കൈമാറിയിട്ടുണ്ട്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(2) <u>കനോലി കനാൽ</u>

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: കനോലി കനാലിന്റെ വീതികൂട്ടി ഒഴുക്ക് സുഗമമാക്കാനും മലിനജലം ട്രീറ്റ് ചെയ്തതിനുശേഷമാണ് കനാലിലേയ്ക്ക് ഒഴുക്കിവിടുന്നതെന്ന് ഉറപ്പുവരുത്താനും കനാലിനെ സൗന്ദര്യവത്കരിക്കാനും സമഗ്രമായൊരു പദ്ധതി തയ്യാറാക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കോഴിക്കോട് നഗരത്തിൽ കോരപ്പുഴയേയും കല്ലായിപ്പുഴയേയും ബന്ധിപ്പിക്കുന്ന കനോലി കനാലിന്റെ സംരക്ഷണ ഭിത്തികൾ തകർച്ചയിലാണ്. ജനസാന്ദ്രതയേറിയ

പ്രദേശമായതിനാൽ മാലിന്യ നിക്ഷേപം കൂടുതലാണ്. കനാലിലെ മാലിന്യങ്ങളും ചെളിയും നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കുന്നതിനും കനാലിന്റെ സൗന്ദര്യവത്കരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി 1100 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. പ്രോജക്ട് നടപ്പിലായാൽ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽവഴിയുള്ള ചരക്ക് ഗതാഗതവും ഈ കനാൽവഴി നടപ്പിലാക്കാൻ സാധിക്കും. കനാലിന് കുറുകെ നടപ്പാലങ്ങളും റോഡ് പാലങ്ങളുമുള്ളതിനാൽ നഗരഭാഗത്ത് സിംഗിൾ ലൈൻ ട്രാഫിക്കായി കനാലിനെ പുനരുദ്ധരിക്കാൻ ഉദ്ദേശിക്കുന്നു.

## (3) പോലീസ് സ്റ്റേഷനിലെ അക്രമം

ശ്രീ. അടൂർ പ്രകാശ് : കാത്തലിക് കോളേജ് വിദ്യാർത്ഥി സംഘട്ടനത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ കഴിഞ്ഞിരുന്ന കുട്ടികളെ പരിക്കേല്പിച്ച കേസിലെ രണ്ടാംപ്രതിയും വധശ്രമക്കേസിലെ പ്രതിയുമായ അനീഷ് കുമാറിനെ പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ കയറി മോചിപ്പിക്കാനുള്ള ശ്രമം നടത്തുകയും സ്റ്റേഷൻ ആക്രമിക്കുകയും ചെയ്ത പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പത്തനംതിട്ട പോലീസ്

സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസിലെ പ്രതിയായ അനീഷിനെ അറസ്റ്റ് ചെയ്തതിനെത്തുടർന്ന് രാത്രി സ്റ്റേഷനിലെത്തിയ ചിലർ അനീഷിനെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ട് ഭീകരാന്തരീക്ഷം സൃഷ്ടിച്ചതിന്റെ പേരിൽ പ്രത്യേക കേസ് രജിസ്റ്റർ ചെയ്ത് പോലീസ് അന്വേഷണം നടത്തിവരികയാണ്. പ്രസ്തുത കേസിലെ ഒന്നും രണ്ടും പ്രതികളെ റിമാന്റ് ചെയ്തിട്ടുണ്ട്. അക്രമമാർഗ്ഗങ്ങളിലൂടെ പോലീസ് സ്റ്റേഷനിൽ നിന്നും പ്രതികളെ കടത്തിക്കൊണ്ടുപോകാനുള്ള ശ്രമങ്ങൾ തടയുന്നതോടൊപ്പം ഇത്തരം നീക്കങ്ങൾ നടത്തുന്നവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.

## (4) പട്ടയം നൽകൽ

ശ്രീ. ഹൈബി ഈഡൻ: വിവിധ സ്ഥലങ്ങളിലെ പുഴ-തോട്-കായൽ പുറമ്പോക്കുകളിൽ താമസിക്കുന്ന സാധാരണക്കാരായ ആളുകൾക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പഞ്ചായത്തിന്റെ അധികാരപരിധിയിൽപ്പെട്ട തോട്, കായൽ, കുളം, പുഴ, തുടങ്ങിയവയുടെ പുറമ്പോക്ക് ഭൂമി പതിച്ചുനൽകുന്നതിന് പഞ്ചായത്തിന്റെയോ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെയോ അനുവാദം

ആവശ്യമാണെന്നതുപോലെതന്നെ ഇതുസംബന്ധിച്ച് നിലവിലുള്ള ചില കോടതി വിധികൾ ഭൂമി പതിച്ചുനൽകുന്നതിന് പ്രതിബന്ധമായി നിൽക്കുന്നുണ്ട്. എറണാകുളം ജില്ലയിലെ പുഴ-കായൽ-തോട് പുറമ്പോക്കുകളിൽ താമസിച്ചുവരുന്നവരുടെ പട്ടയ പ്രശ്നവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം വിശദമായി പരിശോധിക്കുന്നതിനും ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതിനുമായി അദ്ദേഹത്തെയും തദ്ദേശസ്വയംഭരണ സെക്രട്ടറി, റവന്യൂ വകുപ്പ് സെക്രട്ടറി, ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരെയും ഉൾപ്പെടുത്തി 03-11-2016-ന് ഒരു യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്.

### (5) <u>സ്വർണ്ണവ്യാപാര മേഖലയിലെ പ്രതിസന്ധി</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: സ്വർണ്ണത്തിന് മുൻകാല പ്രാബല്യത്തോടെ പർച്ചേസ് ടാക്സ് അടയ്ക്കണമെന്ന വാണിജ്യ നികുതി വകുപ്പിന്റെ നിർദ്ദേശം പിൻവലിക്കുന്നതിനും നിയമഭേദഗതിയിൽ വന്നിട്ടുള്ള പിശകുകൾ തിരുത്തി സ്വർണ്ണ വ്യാപാര മേഖല നേരിടുന്ന ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും

ആവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ വ്യാപാരികളുടെ ആവശ്യം പരിഗണിച്ച് വിശദമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇളവുകൾ അനുവദിക്കുന്നതിന്റെ ഭാഗമായി 2014-ലെ ഫിനാൻസ് ആക്ടിൽ വരുത്തിയ ഭേദഗതിയുടെ ഫലമായി ഉണ്ടായിട്ടുള്ള പ്രശ്നം പരിഹരിക്കുന്നതിന് പ്രതിപക്ഷാംഗങ്ങൾ അടക്കമുള്ളവരുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(6) അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. ബി. സത്യൻ: 2005-ൽ പണി പൂർത്തീകരിച്ച പണയിൽക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : പണയിൽക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. നാല് പേരുടെ

കൈവശമുണ്ടായിരുന്ന ഭൂമി ഏറ്റെടുത്ത് കൈമാറുന്നതുമായി ബന്ധപ്പെട്ട് ഓരോരുത്തരിൽ നിന്നും എത്രമാത്രം ഭൂമി ഏറ്റെടുക്കണമെന്ന് അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടി പൂർത്തീകരിച്ചശേഷം ഉടമസ്ഥർക്ക് തുക കൈമാറി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(7)ബൈപ്പാസ് നിർമ്മാണം

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാടിന്റെ ഗതാഗതക്കുരുക്കിന് പരിഹാരമെന്ന നിലയിൽ ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിൽ ഉൾപ്പെട്ടിരുന്ന നഗര ബൈപ്പാസുകൾക്കാവശ്യമായ സ്ഥലലഭ്യത പ്രയോജനപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2015-2016-ലെ ജില്ലാതല പതാക നൗക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത പാലക്കാട് ലിങ്ക് ബൈപ്പാസ് അടക്കമുള്ള 21 പദ്ധതികൾക്കായി പി.ഡബ്ല്യൂ. ഡി. വിഭാഗം വിശദമായ രൂപരേഖ തയ്യാറാക്കി

സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തു. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആദ്യം പ്രഖ്യാപിച്ച 21 പദ്ധതികൾ പത്തായി ചുരുക്കിയെങ്കിലും നിർമ്മാണ പ്രവൃത്തികൾക്കായി റോഡ് ഫണ്ട് ബോർഡിന് തുക ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഗവൺമെന്റ് അഞ്ച് പദ്ധതിയാക്കി ചുരുക്കിയ പ്രസ്തുത പ്രോജക്ടിൽ പാലക്കാട് നഗര ബൈപ്പാസ് നിർമ്മാണം ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗം ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശമനുസരിച്ച് മറ്റ് നടപടിക്രമങ്ങൾ പാലിക്കാവുന്നതാണ്.

(8) റേഷൻ വ്യാപാരികളുടെ ആവശ്യങ്ങൾ

ശ്രീ. പി. ടി. എ. റഹീം: ചില്ലറ റേഷൻ വ്യാപാരികളുടെ കമ്മീഷനും വേതനവും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): 1.1.2015-ലെ സർക്കാർ ഉത്തരവ് പ്രകാരം 2015 ജനുവരി 1 മുതൽ ക്വിന്റലിന് 100 രൂപ നിരക്കിൽ ചില്ലറ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകി വരുന്നു. ഭക്ഷ്യ ഭദ്രതാ നിയമത്തിൽ മുൻഗണനാ വിഭാഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അന്തിമ പട്ടിക പ്രസിദ്ധീകരിച്ച് 2017 മാർച്ച്

മാസത്തിൽ റേഷൻ കാർഡ് വിതരണം പൂർത്തിയാക്കുന്നതാണ്. മറ്റ് പലചരക്ക സാധനങ്ങൾകൂടി ന്യായവിലയ്ക്ക് നൽകുന്ന കടകളായി റേഷൻ കടകളെ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള റേഷൻ വ്യാപാരി ക്ഷേമനിധി അംഗങ്ങളുടെ പെൻഷൻ 1500 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. റേഷൻ വ്യാപാരികൾക്കും കുടുംബത്തിനുമുള്ള ഇൻഷ്വറൻസ് പരിരക്ഷ വർദ്ധിപ്പിക്കുന്നതിനും പെൻഷൻ പ്രായം 60 വയസ്സാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(9) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

ശ്രീ. കെ. വി. വിജയദാസ്: കരിമ്പ പഞ്ചായത്തിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): പാലക്കാട് ജില്ലയിലെ കാരാക്കുറിശ്ശി, കരിമ്പ പഞ്ചായത്തുകൾ അടുത്തടുത്ത് വരുന്നതാകയാൽ ഒരേ പ്രദേശത്ത് രണ്ട് സെക്ഷൻ ഓഫീസുകൾ ആവശ്യമില്ല. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധിക മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ഇപ്പോൾ പുതിയ ഓഫീസുകൾ തുടങ്ങാൻ

സാധിക്കില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണത്തെക്കുറിച്ച് പരിശോധിച്ചുവരുന്നു.

(10) ജപ്തി നടപടികളിൽനിന്നും ഒഴിവാക്കുന്നതുസംബന്ധിച്ച്

ശ്രീമതി സി. കെ. ആശ: വൈക്കം-മീനച്ചിൽ താലൂക്കിലെ മുയൽ വളർത്തൽ കർഷകരെ ആർ.ആർ. നടപടികളിൽ നിന്ന് ഒഴിവാക്കുന്നതിനും ബാങ്ക് ലോൺ എഴുതിത്തള്ളുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): വൈക്കം-മീനച്ചിൽ താലൂക്കുകളിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്കായി 2011-12 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിൽനിന്നും മുയൽ വളർത്തൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. ഒരു ചാരിറ്റബിൾ സൊസൈറ്റിയുടെ 'ഭൂലക്ഷ്മി യോജന' എന്ന പദ്ധതി പ്രകാരം വിവിധ കുടുംബങ്ങൾക്ക് തലയോലപ്പറമ്പ് കാനറ ബാങ്കിൽനിന്നും മുയൽ വളർത്തലിനായി ലോൺ അനുവദിക്കുകയും തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽനിന്നും സൗജന്യ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. മുയൽ വളർത്തലിന് ലോണെടുത്ത കർഷകരുടെ വായ്പയും പിഴപ്പലിശയുമുൾപ്പെടെ വൻതുക അടയ്ക്കേണ്ടിവരുന്ന സാഹചര്യത്തിൽ

അവരുടെ കടം എഴുതിത്തള്ളുന്നതും റവന്യൂ റിക്കവറി നിർത്തിവയ്ക്കുന്നതുമായ കാര്യം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമായി ബന്ധപ്പെട്ട് പരിഗണിക്കാവുന്നതാണ്.

(11) <u>ചികിത്സാപ്പിഴവുമൂലം ഗർഭിണി മരിക്കാനിടയായ സംഭവം</u>

<u>ശ്രീ. സി. ദിവാകരൻ</u>: നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കന്യാകുളങ്ങരയിൽ ചികിത്സാപ്പിഴവുമൂലം ഗർഭിണിയായ യുവതിയുടെ മരണത്തിന് ഉത്തരവാദികളായവരെ കണ്ടുപിടിച്ച് ശിക്ഷിക്കുന്നതിനും ആ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(പ്രൊഫ. സി. രവീന്ദ്രനാഥ്)</u>: നീതു എന്ന യുവതിയെ 21.10.2016-ന് പ്രസവത്തിനായി തിരുവനന്തപുരം കന്യാകുളങ്ങര സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ പ്രവേശിപ്പിക്കുകയും പ്രസവം പ്രതീക്ഷിക്കുന്ന തീയതി 22.10.16 ആയതിനാൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. പരിശോധനയിൽ ഗർഭസ്ഥശിശുവിന്റെ കിടപ്പും ഹൃദയമിടിപ്പും നീതുവിന്റെ പൾസും ബി.പി.യും നോർമലായിരുന്നുവെങ്കിലും സാധാരണ പ്രസവത്തിനായുള്ള

ലക്ഷണങ്ങളൊന്നും കണ്ടിരുന്നില്ല. എന്നാൽ പിറ്റേദിവസം രാവിലെ 6.30-ന് സിസേറിയനുള്ള തയ്യാറെടുപ്പിനിടെ അപസ്മാരമുണ്ടായതിനെത്തുടർന്ന് അടിയന്തര ചികിത്സ നൽകി തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിലേയ്ക്ക് അയയ്ക്കുകയും അവിടെ എത്തിയപ്പോഴേയ്ക്കും ഗർഭിണി മരണപ്പെടുകയും ചെയ്തു. അവയവങ്ങളുടെ രാസപരിശോധനാ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ യഥാർത്ഥ മരണകാരണം വ്യക്തമാകുകയുള്ളൂ. ഡി.എം.ഒ.-യുടെ പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഡോക്ടറെ 22.10.2016-നുതന്നെ ഡ്യൂട്ടിയിൽനിന്ന് മാറ്റിനിർത്തിയിട്ടുണ്ട്. സമഗ്രാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി IX-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) സബ്ജക്ട് കമ്മിറ്റി X-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക

റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സബ്ജക്ട് കമ്മിറ്റി XII-ന്റെ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI ക്രമപ്രശ്നം

### 19-10-16-ന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയിൽ നടത്തിയ പരാമർശം സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: 19-10-16-ന് ശ്രീ. എൻ. ഷംസുദ്ദീന്റെ ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ നൽകിയ മറുപടിയിലെ ചില പരാമർശങ്ങൾ അത്യന്തം പ്രതിഷേധാർഹവും അപമാനകരവുമാണ്. ബഹു. സ്പീക്കർ അവ പരിശോധിച്ച് സഭാ രേഖയിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: പരിശോധിച്ച് നിലപാട് സ്വീകരിക്കുന്നതാണ്.

## VII വ്യക്തിപരമായ വിശദീകരണം

മന്ത്രിയുടെ പരാമർശം സംബന്ധിച്ച്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): 19-10-2016-ൽ ചോദ്യോത്തരവേളയിൽ ഉപചോദ്യത്തിന്റെ ഭാഗമായി ചില പരാമർശങ്ങൾ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായപ്പോൾ അതിന് ഞാൻ മറുപടി നൽകുകയും അതോടുകൂടി ആ പ്രശ്നം അവസാനിക്കുകയും ചെയ്തതാണ്. ഏതെങ്കിലും വിഭാഗത്തെ അപമാനിക്കുന്ന തരത്തിലുള്ള എന്തെങ്കിലും പരാമർശം വന്നിട്ടുണ്ടോ എന്നുള്ളത് പ്രതിപക്ഷ നേതാവിന്റെ സാന്നിദ്ധ്യത്തിൽ ചെയർ പരിശോധിക്കണം. ഏതെങ്കിലും തരത്തിലുള്ള തെറ്റുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഞാൻ ഏറ്റെടുക്കുന്നു. ആദിവാസി സമൂഹത്തിന്റെ ക്ഷേമത്തിനായി എന്നും നിലകൊള്ളുന്ന വ്യക്തിയാണ് ഞാൻ. ആദിവാസികളെ മറന്നുകൊണ്ടുള്ള ഒരു പ്രവർത്തനവും ഞാൻ കാഴ്ചവച്ചിട്ടില്ല. ഞാൻ ഒരാളെയും അപമാനിച്ചിട്ടില്ല. ഇത് തെറ്റായ രൂപത്തിൽ വ്യാഖ്യാനിക്കുകയാണ് ചെയ്തത്. ആദിവാസി സമൂഹത്തോടുള്ള ഈ ഗവൺമെന്റിന്റെ ഇടപെടൽ ഇല്ലാതാക്കാൻ ആര് വിചാരിച്ചാലും സാധിക്കില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സാംസ്കാരിക വകുപ്പ് മന്ത്രികൂടിയായ ശ്രീ. എ. കെ. ബാലൻ നിയമസഭയ്ക്കകത്ത് നടത്തിയ പരാമർശങ്ങൾ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ലാത്തതാണ്.

അത് പിൻവലിച്ച് മാപ്പ് പറയാൻ അദ്ദേഹം തയ്യാറാകണം. ആദിവാസി സമൂഹത്തിൽ നിന്നുതന്നെയാണ് ഇതിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവന്നിട്ടുള്ളത്. എല്ലാ മുഖ്യധാരാ മാധ്യമങ്ങളിലും ഇത് ചർച്ചാ വിഷയമായിട്ടുണ്ട്.

മി. സ്പീക്കർ: ചട്ടം 258 പ്രകാരം മന്ത്രി വ്യക്തിപരമായ വിശദീകരണം നൽകിയിട്ടുണ്ട്. ഒരു സമൂഹത്തെയും ആക്ഷേപിക്കാൻ ലക്ഷ്യമില്ലായെന്ന് അദ്ദേഹം സഭയിൽ വ്യക്തമാക്കുകയുണ്ടായി. വ്യക്തിപരമായ വിശദീകരണത്തിന് ചർച്ച അനുവദിക്കാറില്ല.

(മന്ത്രി മാപ്പുപറയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് മുന്നിൽ വന്നുനിന്ന് ബഹളംവയ്ക്കുകയും അല്പസമയത്തിനുശേഷം അവരവരുടെ സീറ്റുകളിലേയ്ക്ക് മടങ്ങിപ്പോകുകയും ചെയ്തു.)

ശ്രീ. രമേശ് ചെന്നിത്തല: മന്ത്രി നടത്തിയ പരാമർശം പിൻവലിച്ച് മാപ്പ് പറയാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ശ്രീ.ഒ. രാജഗോപാൽ ഒഴികെ സഭയിലുണ്ടായിരുന്ന പ്രതിപക്ഷാംഗങ്ങൾ സഭയിൽനിന്നും പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## VIII ധനകാര്യം

2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ

ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്
(109,16,04,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും
(420,32,19,000 രൂപ)

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ) : താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXX - ഭക്ഷ്യം
(954,17,92,000 രൂപ)

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-നുണ്ടായ വിജയം സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾക്ക് ജനങ്ങൾ നൽകിയ അംഗീകാരത്തിന്റെ തെളിവാണ്. ബീഡി വ്യവസായത്തിന് ഏർപ്പെടുത്തിയ 14.5 ശതമാനം നികുതി പിൻവലിക്കാൻ നടപടി സ്വീകരിക്കണം. സ്കൂൾ/കോളേജ് പരിസരങ്ങളിലുൾപ്പെടെയുള്ള കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും വില്പന തടയുന്നതിനുള്ള കർശന നടപടിയുണ്ടാകണം. എ.പി.എൽ./ബി.പി.എൽ. തരംതിരിവും യു.പി.എ. ഗവൺമെന്റ് കൊണ്ടുവന്ന ഭക്ഷ്യനയവും സംസ്ഥാനത്തെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനത്തെ തകർക്കുന്നതാണ്. പ്രവാസിക്ഷേമ പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിനാവശ്യമായ നിയമഭേദഗതി

കൊണ്ടുവരുന്നതിനും ആനുകൂല്യങ്ങൾ ഫലപ്രദമായി നൽകുന്നതിനും പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ക്ഷേമനിധിയിൽ ചേരുന്നതിനുള്ള പ്രായപരിധി വർദ്ധിപ്പിക്കുന്നതിനും പ്രവാസിക്ഷേമ പദ്ധതികൾക്ക് കേന്ദ്ര സഹായം നേടിയെടുക്കുന്നതിനും സർക്കാർ മുൻകയ്യെടുക്കണം.

ശ്രീ. റോജി എം. ജോൺ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അരിയുടെയും മറ്റ് നിത്യോപയോഗസാധനങ്ങളുടെയും വിലക്കയറ്റം പിടിച്ചുനിർത്താൻ നടപടി സ്വീകരിക്കണം. കൃഷിക്കാർക്ക് മുൻകൂർ തുക നൽകി ധാന്യങ്ങൾ സംഭരിക്കുന്നതിനും പൊതുവിതരണ സംവിധാനംവഴി വിതരണം ചെയ്യുന്നതിനും സർക്കാർ മുൻകയ്യെടുക്കണം. പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ഈറ്റ-പനമ്പ് നെയ്ത്തു തൊഴിലാളികളുടെ ഡി.എ. കുടിശ്ശിക വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. മദ്യലഭ്യത കുറയ്ക്കാനോ മദ്യത്തിനെതിരെ ബോധവൽക്കരണം നടത്താനോ സർക്കാർ നടപടി സ്വീകരിക്കുന്നില്ല. വർഷംതോറും ബിവറേജസ് ഔട്ട്ലെറ്റുകൾ പൂട്ടുന്നതിനുള്ള മുൻ സർക്കാരിന്റെ തീരുമാനത്തെ അട്ടിമറിച്ച എൽ.ഡി.എഫ്. സർക്കാർ

തങ്ങളുടെ മദ്യനയം പ്രഖ്യാപിക്കണം. ലഹരിവസ്തുക്കൾക്കെതിരായുള്ള റെയ്ഡുകൾ ശക്തിപ്പെടുത്തുന്നതിനും വ്യാജമദ്യത്തിന്റെ വ്യാപനം തടയുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. സി. ദിവാകരൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങളെ ഹനിക്കുന്ന നിലപാടുകളാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. അന്യസംസ്ഥാന തൊഴിലാളികൾക്കായി ക്ഷേമപദ്ധതികൾ കൊണ്ടുവരുന്നതിനും അവരുടെ ക്ഷേമത്തിനായി സമഗ്ര നിയമനിർമ്മാണം നടത്തുന്നതിനും സർക്കാർ മുൻകയ്യെടുക്കണം. തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും കർഷകത്തൊഴിലാളികളുടെ ക്ഷേമനിധി കുടിശ്ശിക തീർത്തുനൽകുന്നതിനും തയ്യാറാകണം. സംസ്ഥാനത്തിന്റെ റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുന്ന കേന്ദ്രനയം തിരുത്തപ്പെടണം. എഫ്.സി.ഐ.-യെ തകർക്കുന്നതിനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. ഭക്ഷ്യസുരക്ഷാ നിയമം കേരളത്തിന്റെ താല്പര്യങ്ങൾക്കെതിരാണ്. കേരളത്തിലെ ഭൂരിപക്ഷം ആളുകൾക്കും റേഷൻ ഉറപ്പുവരുത്തണം. ഭക്ഷ്യധാന്യ വിതരണവുമായി ബന്ധപ്പെട്ട തെറ്റായ നയം തിരുത്താൻ കക്ഷിഭേദമെന്യേ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടണം.

ശ്രീ. പാറക്കൽ അബ്ദുല്ല: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ജനകീയ പ്രശ്നങ്ങളോടുള്ള ഗവൺമെന്റിന്റെ സമീപനം നിരാശാജനകവും നിഷ്ക്രിയവും ജനദ്രോഹപരവുമാണെന്ന കാര്യത്തിൽ തർക്കമില്ല. യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കിയ മദ്യനയത്തെ അട്ടിമറിക്കാനുള്ള ശ്രമം അപലപനീയമാണ്. വിലക്കയറ്റം തടയുന്നതിൽ സർക്കാർ പരാജയപ്പെടുകയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ അഴിമതിയുടെയും കെടുകാര്യസ്ഥതയുടെയും കൂത്തരങ്ങായി മാറുകയും ചെയ്തു. ഔട്ട്ലെറ്റുകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കണം. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കി റേഷൻ സംവിധാനം പുനഃസ്ഥാപിക്കുന്നതിനും അടച്ചുപൂട്ടിയ പൊതുനന്മ സ്റ്റോറുകൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനും തയ്യാറാകണം. പ്രവാസി ക്ഷേമത്തിനായുള്ള കമ്മീഷന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും പ്രവാസി ക്ഷേമനിധി മുഖേന നൽകുന്ന പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കുറ്റ്യാടി, വടകര മണ്ഡലങ്ങളിൽ ഒരു വിഭാഗത്തിനുനേരെ നടക്കുന്ന സംഘർഷങ്ങളിലുള്ള പോലീസിന്റെ നിഷ്ക്രിയ മനോഭാവം അവസാനിപ്പിക്കണം.

ശ്രീ. മുരളി പെരുനെല്ലി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ജനക്ഷേമകരമായ നടപടികൾക്കാണ് ഗവൺമെന്റ് മുൻതൂക്കം നൽകുന്നത്. ക്ഷേമപെൻഷനുകൾ ആയിരം രൂപയായി വർദ്ധിപ്പിച്ച് കുടിശ്ശികയുൾപ്പെടെ നൽകിയത് പാവപ്പെട്ടവരോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു. വിലക്കയറ്റത്തിൽനിന്നും കേരള ജനതയെ രക്ഷിക്കാനുള്ള ക്രിയാത്മക നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിൽ യു.ഡി.എഫ്. സർക്കാർ വീഴ്ച വരുത്തിയതിന്റെ ഫലമായാണ് എ.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് റേഷൻ വിഹിതം നഷ്ടമായതെന്ന കാര്യം പ്രതിപക്ഷം ഓർക്കണം. എക്സൈസ് വകുപ്പിന് കീഴിൽ എൻഫോഴ്സ്മെന്റ് വിംഗിനെ ശക്തിപ്പെടുത്തി വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയാൻ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുമെന്ന തീരുമാനം ശ്ലാഘനീയമാണ്. തൊഴിൽ വകുപ്പിനുകീഴിൽ രജിസ്ട്രേഷൻ, ലൈസൻസ് പുതുക്കൽ തുടങ്ങിയ സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനുമാവശ്യമായ പ്രവർത്തനങ്ങൾ ഗവൺമെന്റ്

ആരംഭിച്ചിട്ടുണ്ട്. കിഫ്ബിയുടെ സഹായത്തോടെ സംസ്ഥാനത്തെ ഐ.ടി.ഐ.-കളെ ലോകോത്തര നിലവാരത്തിലെത്തിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: വിദേശത്തുനിന്ന് ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തുന്നവരുടെ ക്ഷേമത്തിനായി മുൻ ഗവൺമെന്റ് ഏർപ്പെടുത്തിയ പദ്ധതി ശക്തിപ്പെടുത്തുന്നതിനുതകുന്ന സാമ്പത്തിക പിന്തുണ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. വിദേശ മലയാളികൾ നേരിടുന്ന തൊഴിൽ പ്രതിസന്ധി മറികടക്കാൻ വ്യക്തമായ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനും മദ്യത്തിനെതിരായ ബോധവത്കരണത്തിനും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നിലവിലുള്ള മദ്യനയത്തിൽ നിന്ന് പിന്നോക്കം പോകുന്ന ഗവൺമെന്റിന്റെ നടപടി ആശങ്കാജനകമാണ്. ജില്ലാ കേന്ദ്രങ്ങളിൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെയും വ്യാജമദ്യത്തിന്റെയും ഉപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പിനെ കാലാനുസൃതമായി നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ബി.പി.എൽ. വിഭാഗക്കാരെല്ലാം റേഷൻ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന്

ഉറപ്പുവരുത്തണം. ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിലെ അപാകതകൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം. റേഷൻ കടകൾ കാലാനുസൃതമായി നവീകരിക്കുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും തൊഴിൽ രംഗത്ത് സമാധാനം കൈവരുത്തുന്നതിനുമായി ഇടതുപക്ഷ ഗവൺമെന്റ് ശ്ലാഘനീയമായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. വിവിധ ക്ഷേമ പെൻഷനുകൾ 1000 രൂപയായി വർദ്ധിപ്പിച്ചതും ജനോപകാരപ്രദമായ വിവിധ ക്ഷേമപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്ത ഗവൺമെന്റിന്റെ നടപടി അഭിനന്ദനാർഹമാണ്. സംസ്ഥാനത്തെ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര തൊഴിൽ പഠന കേന്ദ്രമാക്കി മാറ്റുന്നതിന് 10 കോടി രൂപ വകയിരുത്തിയ നടപടിയെ സ്വാഗതം ചെയ്യുന്നു. തൊഴിൽ വകുപ്പിന്റെ വെബ്പോർട്ടൽ ഡിജിറ്റൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചായി പരിവർത്തനം ചെയ്യുന്നത് സംബന്ധിച്ച് പരിശോധിക്കണം. 'കില'-യുടെ പ്രവർത്തനം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അസംഘടിത മേഖലയിലെ തൊഴിലാളികളുടെ

ക്ഷേമനിധി കവറേജ് നൂറ് ശതമാനമാക്കുന്നതിനും നടപടി സ്വീകരിക്കണം. യു.ഡി.എഫ്. സർക്കാരിന്റെ വികലമായ മദ്യനയംമൂലം മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം വർദ്ധിച്ച സാഹചര്യത്തിൽ മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സർക്കാർ സ്വീകരിക്കണം. വിദ്യാലയങ്ങളും എക്സൈസ് വകുപ്പും തമ്മിലുള്ള ബന്ധം ശക്തമാക്കുന്നതിനും മദ്യവർജ്ജനം സ്കൂളുകളിൽ പാഠ്യവിഷയത്തിന്റെ ഭാഗമാക്കുന്നതിനും ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനും പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. എക്സൈസ് വകുപ്പിനെ ആധുനികവത്കരിക്കുന്നതോടൊപ്പം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആയുധ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കണം. എ.പി.എൽ/ബി.പി.എൽ തരംതിരിവുകളിലുള്ള അശാസ്ത്രീയത മാറ്റി കേരളത്തിൽ നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിർത്താനുള്ള നടപടിയുമായി മുന്നോട്ടുപോകണം. പ്രവാസി ക്ഷേമത്തിനാവശ്യമായ പദ്ധതികൾ നടപ്പാക്കണം.

<u>ശ്രീ. തോമസ് ചാണ്ടി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുട്ടനാട്ടിലെ കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന് നിശ്ചിതസമയത്തിനുള്ളിൽ വില ലഭ്യമാക്കുന്നതിനുള്ള സംവിധാനമുണ്ടാകണം. കഴിഞ്ഞ സർക്കാരിന്റെ

വികലമായ മദ്യനയം വിനോദസഞ്ചാര മേഖലയെ ദോഷകരമായി ബാധിച്ച സാഹചര്യത്തിൽ മദ്യനയം തിരുത്താൻ തയ്യാറാകണം.

<u>ശ്രീ. എം. എം. മണി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നിലവിലുള്ള നിയമങ്ങളിൽ ആവശ്യമായ ഭേദഗതിവരുത്തി തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന വിദേശ മലയാളികളുടെ സംരക്ഷണത്തിനാവശ്യമായ നടപടി സ്വീകരിക്കണം. തൊഴിൽ മേഖലയിൽ കൊണ്ടുവന്നിട്ടുള്ള മാറ്റങ്ങളെ സ്വാഗതം ചെയ്യുന്നു. കയർ, കശുവണ്ടി, കൈത്തറി അടക്കമുള്ള പരമ്പരാഗത മേഖലകളുടെ പ്രതിസന്ധി തരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടി സ്വാഗതാർഹമാണ്. പ്രകടനപത്രികയിലെ മുഴുവൻ വാഗ്ദാനങ്ങളും പ്രാവർത്തികമാക്കി തൊഴിൽരംഗം ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണം. തോട്ടം മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്തുന്നതിനും കരാർ പ്രകാരം തൊഴിലാളികൾക്ക് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. മുൻ സർക്കാർ ഭക്ഷ്യസുരക്ഷാനിയമം ഫലപ്രദമായി നടപ്പാക്കാതെ ജനങ്ങൾക്ക് ദോഷകരമാകുന്ന നിലപാടുകളാണ്

സ്വീകരിച്ചത്. സംസ്ഥാനത്തിന് നഷ്ടമായ റേഷൻ വിഹിതം നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും അർഹരായവർക്ക് ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുകയും ചെയ്യണം. ഒരു കമ്മീഷൻ രൂപീകരിച്ച് മദ്യനയത്തിൽ വന്ന മാറ്റങ്ങളെക്കുറിച്ച് പരിശോധന നടത്തി ഉചിതമായ തീരുമാനമെടുക്കണം. വിലവർദ്ധനവ് ഏർപ്പെടുത്തി പൊതുവിതരണരംഗം അട്ടിമറിക്കുകയും ഊഹകച്ചവടത്തെ പ്രോത്സാഹി പ്പിക്കുകയും ചെയ്യുന്ന നിലപാടാണ് മുൻ സർക്കാർ സ്വീകരിച്ചു വന്നത്. സംസ്ഥാനത്തെ ക്രമസമാധാന രംഗം പരിപോഷിപ്പിക്കുന്നതിന് നടപടികളെ ടുത്തുകൊണ്ടിരിക്കുന്ന സർക്കാരിനെതിരെ പ്രതിപക്ഷം സ്വീകരിക്കുന്ന നിലപാടുകളോട് ഒരുതരത്തിലും യോജിക്കാനാവില്ല. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ മുഴുവനും പാലിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u>: ധനാഢ്യർത്ഥനകളെ എതിർക്കുന്നു. അർഹതയുള്ളവർക്കുപോലും റേഷൻ വിഹിതം ലഭ്യമാക്കുന്നതിന് ഒരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. ഈ ഭരണത്തിൻകീഴിൽ വിദ്യാഭ്യാസ മേഖലയെ സ്വകാര്യ മാനേജ്മെന്റുകൾക്ക് അടിയറവയ്ക്കുകയും

ആഭ്യന്തരരംഗം താറുമാറാക്കുകയും ചെയ്തിരിക്കുകയാണ്. 'വികസനവും കരുതലും' ആയിരുന്നു യു.ഡി.എഫ്. സർക്കാരിന്റെ നയമെങ്കിൽ ഈ സർക്കാരിന്റേത് 'പാടത്ത് ജോലിയും വരമ്പത്ത് കൂലിയും' എന്നതാണ്. യു.ഡി.എഫ്. സർക്കാർ എ.പി.എൽ./ബി.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കിയെങ്കിൽ ഈ സർക്കാർ നന്മ സ്റ്റോറുകൾ അടച്ചുപൂട്ടുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. സംസ്ഥാനത്ത് മദ്യവിൽപ്പനയുടെ വർദ്ധനവ് തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. സമ്പൂർണ്ണ മദ്യനിരോധനം അട്ടിമറിക്കാനുള്ള സർക്കാരിന്റെ ശ്രമത്തിനെതിരെ ശക്തമായ പ്രതിഷേധ നടപടികളുണ്ടാകും. സർക്കാർ നടപ്പിലാക്കുന്ന തെറ്റായ നയങ്ങൾ പിൻവലിക്കാൻ തയ്യാറാകണം.

**<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>:** ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതോടൊപ്പം അർഹരായവർ റേഷനിംഗ് സമ്പ്രദായത്തിൽനിന്ന് പുറത്തുപോകാതിരിക്കാനുള്ള ഇടപെടലുമുണ്ടാകണം. കേരളത്തിന്റെ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന് മുന്നിൽ അവതരിപ്പിക്കുന്നതിന് മാതൃകാപരമായ ശ്രമമാണ് സർക്കാർ നടത്തുന്നത്. സംസ്ഥാനത്തിന്

അർഹതപ്പെട്ട റേഷൻ വിഹിതം നേടിയെടുക്കുന്നതിന് പ്രത്യേകിച്ച് മണ്ണെണ്ണയുടെ വിഹിതത്തിൽ വന്നിട്ടുള്ള വെട്ടിക്കുറവ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. ഭക്ഷ്യ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും പൂഴ്ത്തിവയ്പുകാർക്കെതിരെ നടപടി സ്വീകരിക്കാനും സർക്കാരിന് കഴിഞ്ഞു. പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിനും പ്രവർത്തിക്കുന്ന തോട്ടങ്ങളിൽ അനുഭവപ്പെടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും നടത്തിയ ഇടപെടൽ ശ്ലാഘനീയമാണ്. പീരുമേട് മണ്ഡലത്തിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുകയും പ്രസ്തുത മേഖലയിലെ ഭവന പദ്ധതിയടക്കമുള്ള വിഷയങ്ങളിൽ പ്രത്യേക ശ്രദ്ധയുണ്ടാകുകയും വിവിധ തൊഴിൽ മേഖലകളിൽ ഗൗരവമായ ഇടപെടലും പരിഗണനയും ഉണ്ടാകുകയും വേണം. തോട്ടം പാക്കേജ് യാഥാർത്ഥ്യമാക്കണം.

<u>പ്രൊഫ. കെ. യു. അരുണൻ</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. എക്സൈസ് എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും വിദ്യാർത്ഥികൾ ലഹരിവസ്തുക്കൾക്ക് അടിമപ്പെടുന്നത് തടയുന്നതിന് സഹായകരമാകുന്ന നടപടി സ്വീകരിക്കുകയും ചെയ്യണം. ബോധവൽക്കരണ പ്രക്രിയയ്ക്ക് സർക്കാർ നൽകുന്ന പ്രാധാന്യം എടുത്തുപറയേണ്ടതാണ്.

അസംഘടിത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ, പ്രത്യേകിച്ച് സ്ത്രീ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൂടുതൽ ഊന്നൽ നൽകുന്നതോടൊപ്പം രൂക്ഷമായിരിക്കുന്ന തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനുള്ള ഇടപെടലുമുണ്ടാകണം.

<u>ശ്രീ. എം. ഉമ്മർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അംഗങ്ങൾ തമ്മിലുള്ള ശീതസമരം അവസാനിപ്പിച്ച് കേസുകളിൽ തീർപ്പുകല്പിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് അർഹതയുള്ള പരമാവധി ആളുകൾക്ക് ഭക്ഷ്യധാന്യം നൽകത്തക്കവിധത്തിൽ സാമ്പത്തിക ബാധ്യത ഏറ്റെടുത്തുകൊണ്ട് പരിഹാരം കണ്ടെത്താനുള്ള നടപടിയുണ്ടാകണം. മദ്യനിരോധനത്തിന്റെ കാര്യത്തിൽ നിഷ്പക്ഷമായ വിലയിരുത്തൽ നടത്തി മദ്യം സാർവ്വത്രികമാക്കാനുള്ള ശ്രമത്തിൽനിന്നും പിന്തിരിയണം. തെരുവ് നായ്ക്കളുടെ ശല്യം ടൂറിസം മേഖലയെ ബാധിച്ചിട്ടുള്ളതിനാൽ അവ വർദ്ധിക്കുന്നതിന്റെ കാരണം കണ്ടെത്തി പരിഹാരമുണ്ടാക്കുന്നതിനും സുരക്ഷിത ജീവിതം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം. ഇന്ത്യൻ

എംബസിയുമായി ബന്ധപ്പെട്ട് കെ.എം.സി.സി., പ്രവാസി കോൺഗ്രസ്, ഒ.ഐ.സി.സി. എന്നിങ്ങനെയുള്ള സംഘടനകളെ വിശ്വാസത്തിലെടുത്തുകൊണ്ട് പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാനും അവരെ സംരക്ഷിക്കാൻവേണ്ട നിയമനിർമ്മാണങ്ങൾ നടത്താനുമുള്ള നടപടികൾ സ്വീകരിക്കണം. ഗൾഫ് മലയാളികൾ നാട്ടിലേയ്ക്ക് വരാൻ സാധ്യതയുള്ള സമയത്ത് വിമാന ചാർജ്ജ് വർദ്ധിപ്പിക്കുന്ന നടപടിക്ക് കേന്ദ്രഗവൺമെന്റുമായി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കണം.

ശ്രീ. അനൂപ് ജേക്കബ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭക്ഷ്യ ഭദ്രതാ നിയമവുമായി ബന്ധപ്പെട്ട് ന്യായവിലയിൽ ലഭ്യമാകേണ്ട ഭക്ഷ്യധാന്യങ്ങൾ വെട്ടിക്കുറയ്ക്കുന്ന സമീപനം കേന്ദ്രം സ്വീകരിച്ചിരിക്കുന്നത് നിർഭാഗ്യകരമാണ്. 16.5 ലക്ഷം ടൺ ഭക്ഷ്യധാന്യം വേണ്ട സ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ ലഭ്യമാകുന്നത് 14.25 ലക്ഷം ടൺ ആണ്. നിയമം നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ഈ കുറവ് എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്ന് പരിശോധിക്കുന്നതിനും 16.5 ലക്ഷം ടൺ എന്ന നമ്മുടെ ക്ലെയിമിൽ ഉറച്ചുനിൽക്കുന്നതിനും കഴിയണം. മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി പഴുതുകളടച്ച് പൂർണ്ണമായ നിയമം നടപ്പിൽ വരുത്തണം.

സംസ്ഥാനത്ത് നിലവിലുള്ള ബി.പി.എൽ. ലിസ്റ്റിൽ അപാകതകളുള്ളതിനാൽ ആവശ്യമായ നിയമ ഭേദഗതികൾ കൊണ്ടുവരണം. നമുക്ക് ലഭ്യമായിരുന്ന ഭക്ഷ്യധാന്യം നിലനിർത്തുന്നതിനും ബി.പി.എൽ. വിഭാഗത്തിന് തുടർന്നും സൗജന്യമായി അരി കൊടുക്കുന്നതിനും നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. യു.ഡി.എഫ്. ഭരണകാലത്ത് അരിയുടെയും മണ്ണെണ്ണയുടെയും കാര്യത്തിൽ കുറവുണ്ടായിട്ടില്ല. റേഷൻ കാർഡുകളെ സംബന്ധിച്ച പരാതി സ്വീകരിക്കാനുള്ള സമയം ദീർഘിപ്പിക്കണം. കേന്ദ്രത്തിൽനിന്നും ഭക്ഷ്യധാന്യ വിഹിതം നേടിയെടുക്കുന്നതിന് യു.ഡി.എഫ്.-ന്റെ ശക്തമായ പിന്തുണയുണ്ടാകും.

ശ്രീ. എ. എം. ആരിഫ്: ധനാഢ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എക്സൈസ് വകുപ്പിൽ വൻ അഴിമതിയാണ് നടന്നുകൊണ്ടിരുന്നത്. മദ്യ ഉപഭോഗം കുറച്ചുകൊണ്ടുവരുമെന്ന ഗവൺമെന്റ് നിലപാടിനെ സ്വാഗതം ചെയ്യുന്നു. മയക്കുമരുന്നിന്റെ ഉപഭോഗത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിലുളവായിട്ടുള്ള ആശങ്കകൾ ഇല്ലാതാക്കുന്നതിനും ഭാവിതലമുറയെ രക്ഷിക്കുന്നതിനുമാവശ്യമായ ചർച്ചകൾ നടത്തണം. ഭക്ഷ്യ സുരക്ഷാ നിയമം പുന:പരിശോധനയ്ക്ക്

വിധേയമാക്കാനും കക്ഷിരാഷ്ട്രീയ ഭേദമെന്യേ കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന്റെ അവകാശങ്ങൾ നേടിയെടുക്കാനും തയ്യാറാകണം.

ശ്രീ. ഷാഫി പറമ്പിൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പാഠപുസ്തകങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിലും കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്കും ശമ്പളം നൽകുന്നതിലും വീഴ്ചവരുത്തുകയും രാഷ്ട്രീയപ്രേരിതമായ ട്രാൻസ്ഫർ പീഡനങ്ങൾ നടത്തുകയും മാധ്യമസ്വാതന്ത്ര്യത്തെ വെല്ലുവിളിക്കുകയും ചെയ്തുകൊണ്ട് മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി സംസ്ഥാനത്തിന് അർഹമായ അരിയുടെയും വൈദ്യുതിയുടെയും വിഹിതം യഥാസമയം നേടിയെടുക്കുന്നതിനും വെട്ടിക്കുറച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ പുന:സ്ഥാപിക്കുന്നതിനും ഗവൺമെന്റ് മുൻകൈയെടുക്കണം.

## VIII റൂളിംഗ്

### നിയമസഭാംഗങ്ങളുടെ അവകാശങ്ങൾ നിഷേധിച്ചതു സംബന്ധിച്ച്

സംസ്ഥാനത്തെ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ

നടത്തുന്ന വിവിധ പൊതുപരിപാടികളിൽ നിയമസഭാംഗങ്ങൾക്ക് നൽകേണ്ട പ്രാധാന്യത്തെയും അംഗീകാരത്തെയും സംബന്ധിച്ച് വിശദമായ റൂളിംഗുകൾ നിലവിലുണ്ട്. നിയമസഭാംഗങ്ങൾ അംഗങ്ങളായിട്ടുള്ള സ്റ്റാറ്റ്യൂട്ടറി സമിതികളുടെ ആനുകാലിക യോഗങ്ങൾ ചേരാൻ തീരുമാനിക്കുന്നതിനുമുമ്പ് പ്രസ്തുത യോഗത്തിൽ പങ്കെടുക്കുന്നതിന് എന്തെങ്കിലും അസൗകര്യങ്ങൾ അവർക്കുണ്ടോയെന്ന് ആരായണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ പല വകുപ്പുകളും അക്കാര്യത്തിൽ കുറ്റകരമായ അനാസ്ഥ പുലർത്തുന്നതായിട്ടാണ് ചെയർ മനസ്സിലാക്കുന്നത്. പതിനാലാം കേരള നിയമസഭയുടെ രൂപീകരണത്തിനുശേഷം ഇത്തരം പന്ത്രണ്ട് പരാതികൾ ചെയറിന് ലഭിക്കുകയുണ്ടായി.

ചെയറിനു ലഭിക്കുന്ന ഇത്തരം പരാതികളിൽ അന്വേഷണം നടത്തി, മേൽനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. എന്നാൽ അപ്രകാരം ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യാതെ അനന്തമായി നീട്ടിക്കൊണ്ടുപോകുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഇത്തരം പ്രവണതകൾ

ആവർത്തിക്കപ്പെടുന്നതിനോട് ചെയർ യോജിക്കുന്നില്ല. ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾക്ക് ഭരണഘടനാ നടപടി ചട്ടങ്ങൾ, കീഴ്വഴക്കങ്ങൾ, സർക്കാരും സ്പീക്കറും പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം ലഭ്യമാകേണ്ട അവകാശങ്ങളും അംഗീകാരങ്ങളും ഉറപ്പാക്കുക എന്നത് ചെയറിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. ഈ സാഹചര്യത്തിൽ പതിനാലാം കേരള നിയമസഭയുടെ രൂപീകരണത്തിനുശേഷം ഈ സഭയിലെ അംഗങ്ങൾ ചെയറിന് എഴുതി നൽകിയിട്ടുള്ള പരാതികളിന്മേൽ സർക്കാർ വിശദീകരണം പതിനഞ്ച് ദിവസങ്ങൾക്കുള്ളിൽ ലഭ്യമാക്കണമെന്ന് ചെയർ റൂൾ ചെയ്യുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയിട്ടുള്ള പരാതികളിന്മേൽ സർക്കാരിൽനിന്ന് ലഭിക്കുന്ന വിശദീകരണം, ആയതിന്മേലുള്ള ചെയറിന്റെ തീരുമാനം എന്നിവ ബന്ധപ്പെട്ട അംഗങ്ങളെ നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും രേഖാമൂലം അറിയിക്കുന്നതായിരിക്കും. ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളുടെ അർഹമായ അവകാശങ്ങൾ നിഷേധിക്കുന്ന തരത്തിലുള്ള ഒരു നടപടിയും ആരുടെ ഭാഗത്തുനിന്നും ഉണ്ടാകരുതെന്നും അപ്രകാരമുള്ള എന്തെങ്കിലും പരാതികൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം അത് അതീവ ഗൗരവപൂർവ്വം വീക്ഷിക്കുന്നതാണെന്നും യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ചെയർ ഓർമ്മപ്പെടുത്തുന്നു.

**ധനകാര്യം (തുടർച്ച)**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേരളത്തിലെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 40 ശതമാനം പ്രവാസി മലയാളികളുടെ സംഭാവനയാണ്. ഉത്സവകാലത്ത് കേരളത്തിലേയ്ക്ക് വരുന്ന പ്രവാസികളിൽ നിന്നും വിമാന കമ്പനികൾ അമിത കൂലി ഈടാക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി സമഗ്രമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ചെറുകിട വരുമാനക്കാരായ പ്രവാസികളുടേതടക്കമുള്ള നിക്ഷേപം ശരിയായ രീതിയിൽ വിനിയോഗിച്ച് അവർക്ക് നിശ്ചിത വരുമാനം ഉറപ്പുവരുത്താൻ സാധിക്കത്തക്ക രീതിയിലുള്ള ഒരു പദ്ധതിക്ക് രൂപം നൽകേണ്ടതും അതിനായി അവരെ ബോധവവത്കരിക്കേണ്ടതുമുണ്ട്. വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായം ലഭ്യമാക്കുന്നതിനെക്കുറിച്ച് ആലോചിക്കും. സമഗ്രമായ കുടിയേറ്റ നിയമത്തിനായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുകയും പ്രവാസികളുടെ മരണാനന്തര സഹായം, ക്ഷേമ പദ്ധതി എന്നിവയിൽ വർദ്ധനവ് വരുത്തുകയും ചെയ്യും.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

കുട്ടനാട്ടിലെയും പാലക്കാട്ടെയും കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന് ന്യായമായ വില നൽകുന്നുണ്ട്. അരിയുടെ വിലയിൽ വരുന്ന മാറ്റം എല്ലാ അവശ്യസാധനങ്ങളുടെ വിലയേയും ബാധിക്കുന്നുണ്ട്. എ.പി.എൽ./ബി.പി.എൽ. തരംതിരിവുണ്ടായപ്പോൾ റേഷൻ സംവിധാനത്തിന്റെ താളംതെറ്റുകയും അഴിമതി സർവ്വവ്യാപകമാകുകയും ചെയ്തു. സംസ്ഥാനത്തിന് 16 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം അനുവദിക്കണമെന്ന് കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. ബി.പി.എൽ./എ.പി.എൽ. ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതാണ്. നവംബർ ഒന്ന് മുതൽ കരട് പട്ടിക പ്രകാരം റേഷൻ കൊടുത്ത് തുടങ്ങണമെന്നാണ് കേന്ദ്രം നിർദ്ദേശിച്ചിരിക്കുന്നത്. ഒരേക്കറിന് മുകളിൽ ഭൂമിയുള്ളവർ, നാലക്ക വരുമാനമുള്ളവർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർക്കാർ ജീവനക്കാർ എന്നിവരെ ഈ പട്ടികയിൽ ഉൾപ്പെടുത്താൻ പാടില്ല. എല്ലാ റേഷൻ കാർഡുകളെയും ആ അടിസ്ഥാനത്തിൽ പ്രോസ്സസ് ചെയ്തുകൊണ്ടാണ് അതിന് താഴെയുള്ളവരെ പ്രയോറിറ്റി ലിസ്റ്റിൽ കൊണ്ടുവരുന്നത്. ഇതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളും പരാതികളും പഞ്ചായത്ത് ഓഫീസുകളിൽ സ്വീകരിക്കുന്നതിനുള്ള സംവിധാനം

ഏർപ്പെടുത്തിയിട്ടുണ്ട്. ആക്ഷേപങ്ങളും പരാതികളും ഒക്ടോബർ 30 വരെ സ്വീകരിക്കുന്നതിനും ജനുവരി ഒന്നിന് പട്ടിക പ്രസിദ്ധീകരിച്ച് റേഷൻ കാർഡ് പ്രിന്റ് ചെയ്ത് ഫെബ്രുവരി ഒന്ന് മുതൽ വിതരണം ചെയ്യുന്നതിനുമുള്ള നടപടികളുമായാണ് മുന്നോട്ടുപോകുന്നത്. മാർച്ച് 31-ഓടുകൂടി റേഷൻ കടകളെല്ലാം കമ്പ്യൂട്ടർവൽക്കരിക്കും. പൊതുവിതരണ രംഗത്തെ അഴിമതി അവസാനിപ്പിക്കുന്നതിനാണ് ഈ ഗവൺമെന്റ് ലക്ഷ്യമിടുന്നത്. അതിനായി റേഷൻ കടകളെ ശക്തിപ്പെടുത്തേണ്ടതുണ്ട്. റേഷൻ കടകളിലൂടെ അവശ്യസാധനങ്ങൾ നൽകിക്കൊണ്ട് ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായി അവയെ മാറ്റാൻ കഴിയണം. അംഗീകൃത വെൽഫെയർ സ്ഥാപനങ്ങൾക്ക് ആവശ്യമായ മുഴുവൻ വിഹിതവും നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിലക്കയറ്റം തടയുന്നതിന് ഫലപ്രദമായ രീതിയിൽ ഗവൺമെന്റ് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തിയിട്ടുണ്ട്. സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. കൺസ്യൂമർ ഫോറത്തിന്റെ പ്രവർത്തനം ഫലപ്രദമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): തൊഴിൽ ബന്ധം മെച്ചപ്പെടുത്തുന്നതിനും തൊഴിലാളിക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുമാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. തൊഴിൽവകുപ്പിന്റെ സേവനങ്ങൾ വിപുലപ്പെടുത്താൻ ലേബർ കമ്മീഷണറേറ്റിൽ കാൾ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഓൺലൈൻ രജിസ്ട്രേഷൻ പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. നാല്പത് ദിവസത്തിനുള്ളിൽ ട്രേഡ് യൂണിയനുകൾക്ക് രജിസ്ട്രേഷൻ ലഭ്യമാക്കുന്നതാണ്. തോട്ടം തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി താമസസ്ഥലത്തെ സംബന്ധിച്ച വിവരം ശേഖരിക്കുകയും വീടില്ലാത്ത മുഴുവൻ തൊഴിലാളി കുടുംബങ്ങൾക്കും വീടുവച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യും. വിവിധ മേഖലകളിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാനപരിധി 1,00,000 രൂപയാക്കി ഉയർത്തുകയും ക്ഷേമനിധി ബോർഡുകളുടെ കീഴിലുള്ള മിനിമം പെൻഷൻ 1,000 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നൈപുണ്യ വികസനത്തിന്റെ ഭാഗമായി തൊഴിൽ റിക്രൂട്ട്മെന്റ് ശക്തിപ്പെടുത്താനുള്ള

പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ നിന്നും ലഭ്യമാകുന്ന എല്ലാ സേവനങ്ങളും ഓൺലൈനായി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ആലംബഹീനരായ സ്ത്രീകൾക്കുള്ള സ്വയംതൊഴിൽ പദ്ധതിയായ ശരണ്യയും ഭിന്നശേഷിക്കാർക്കുള്ള പദ്ധതിയായ കൈവല്യയും കൂടുതൽ ശക്തമായി നടപ്പാക്കുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുമായി ബന്ധപ്പെടുത്തി പുതിയ കരിയർ ഗൈഡൻസ് സെന്ററുകൾക്ക് തുടക്കം കുറിക്കുന്നതാണ്. ഇ.എസ്.ഐ. ആശുപത്രികളിൽ കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകളും പുതിയതായി 18 ഡിസ്പെൻസറികളും ആരംഭിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ 12 ഐ.ടി.ഐ.-കൾ ഉന്നതനിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും നാലെണ്ണം പുതിയതായി ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽജന്യ രോഗങ്ങൾക്ക് പരിഹാരം കാണാൻ ഇൻഡസ്ട്രിയൽ ഹൈജീൻ ലബോറട്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽപ്പെട്ട സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ പ്രഖ്യാപിച്ചിട്ടുണ്ട്. മദ്യവർജ്ജനം നടപ്പാക്കുകയും

അഴിമതിക്കെതിരായ സമീപനം സ്വീകരിക്കുകയും ചെയ്യും. ആദിവാസി മേഖലകളിലും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അനധികൃത ലഹരി പദാർത്ഥങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് പ്രത്യേക പരിഗണന നൽകുന്നതാണ്. ലൈസൻസില്ലാതെ വിദേശ മദ്യവില്പന നടത്തിയ തിരുവനന്തപുരത്തെ ബിയർ & വൈൻ പാർലർ അടച്ചുപൂട്ടുകയും കള്ളുഷാപ്പുകളടക്കം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കർശനമായ നിലപാട് സ്വീകരിക്കുകയും ചെയ്തു. മദ്യത്തിനും മയക്കുമരുന്നിനുമെതിരായ ബോധവൽക്കരണത്തിന് വിപുലമായ തുടർപരിപാടികളാണ് ലക്ഷ്യം വയ്ക്കുന്നത്. സ്കൂളുകളിലും കോളേജുകളിലുമുള്ള ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ചെക്ക്പോസ്റ്റുകളിൽ പരിശോധന ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ലഹരിക്കെതിരെയുള്ള സാമൂഹ്യ ബോധവൽക്കരണത്തിന്റെ ഭാഗമായി ഷോർട്ട് ഫിലിം പ്രദർശനം, ചിത്രപ്രദർശനം, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്. പരാതികൾ സ്വീകരിക്കുന്നതിന് മുഴുവൻ

സമയവും പ്രവർത്തിക്കുന്ന സംവിധാനം എക്സൈസ് കേന്ദ്രത്തിൽ ഏർപ്പെടുത്തുന്നതിനും ലഹരിവർജ്ജന മിഷൻ 'വിമുക്തി' എന്ന പേരിൽ പുതിയ പ്രസ്ഥാനം ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വമ്പിച്ച ബഹുജന പങ്കാളിത്തത്തോടെ അതി വിപുലമായ ലഹരി വിരുദ്ധ പ്രസ്ഥാനത്തിന് തുടക്കം കുറിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആദിവാസി മേഖലയിൽ ലഹരി വിരുദ്ധ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജനമൈത്രി എക്സൈസിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരിവസ്തുക്കളുടെ വില്പന അവസാനിപ്പിക്കുന്നതിനും ജില്ലാകേന്ദ്രങ്ങളിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും കേന്ദ്ര സഹായത്തോടെ വിപുലമായ സൗകര്യങ്ങളുള്ള ഒരു പ്രത്യേക ഡീ-അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. എക്സൈസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും റെയ്ഞ്ച് സർക്കിൾ ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കള്ള് വ്യവസായത്തെ സംരക്ഷിക്കുന്നതിനും സമഗ്ര മദ്യനയം പ്രാവർത്തികമാക്കുന്നതിനും നടപടി സ്വീകരിക്കും. ബീഡി

തൊഴിലാളികളുമായി ബന്ധപ്പെട്ട വിഷയത്തിൽ നികുതിയിളവ് അനുവദിക്കുന്നതിനും പ്രത്യേക ക്ഷേമപദ്ധതി പ്രാവർത്തികമാക്കുന്നതിനും പ്ലാന്റേഷൻ മേഖലയിൽ അടഞ്ഞു കിടക്കുന്ന സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും തോട്ടം മേഖലയെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഈറ്റ-പനമ്പ് നെയ്ത്തു തൊഴിലാളികളുടെ ഡി.എ. കുടിശ്ശിക അനുവദിക്കുന്ന കാര്യം പരിശോധിക്കും. പരമ്പരാഗത വ്യവസായങ്ങളെ പരിരക്ഷിക്കുന്നതിനും കർഷകത്തൊഴിലാളി ക്ഷേമപദ്ധതി ശക്തിപ്പെടുത്തുന്നതിനും നടപടിയെടുക്കും. മദ്യനയത്തിന്റെ ഭാഗമായി ടൂറിസം മേഖലയ്ക്കുണ്ടായ തിരിച്ചടികൾ സൂക്ഷ്മതലത്തിൽ പരിശോധിക്കുകയും ടൂറിസം വകുപ്പുമായി ചർച്ച നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്. മദ്യവർജ്ജനം ലക്ഷ്യമിട്ട് കർമ്മപദ്ധതി ആവിഷ്കരിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്. ഈ സഭയുടെ വികാരവും ജനങ്ങളുടെ അഭിപ്രായങ്ങളും പരിഗണിച്ചുകൊണ്ടുള്ള വ്യക്തമായ നിലപാട് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. 'വിമുക്തി' എന്ന പ്രചരണപരിപാടിക്ക് എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന്

അഭ്യർത്ഥിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയും 39-നെതിരെ 73 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ വൈകുന്നേരം 4.22 -ന് പിരിഞ്ഞു.)

********